# ഇൻഡ്യൻ
# കമ്മ്യൂണിസ്റ്റ് പാർടി
# മാർക്സിസ്റ്റ്

# 1951-ലെ
# നയപ്രഖ്യാപനം

324.254

വില 25 പൈസ.

ദേശാഭിമാനി പ്രസിദ്ധീകരണം

# ഇന്ത്യൻ കമ്യൂണിസ്റ്റ് പാർടിയുടെ
# 1951-ലെ നയപ്രഖ്യാപനം

16306

PC Library & Research Center

രണ്ടാംപതിപ്പ് - 5000

ദേശാഭിമാനി ബുക്ക്ഹൗസ്, തിരുവനന്തപുരം-1

324.254

## ഒന്നാം പതിപ്പിന്റെ മുഖവുര

1951 ഏപ്രിലിൽ ഇന്ത്യൻ കമ്യൂണിസ്റ്റ് പാർടിയുടെ പോളിററ് ബ്യൂറോ പാർടിയുടെ നയത്തെ സംബന്ധിച്ച ഒരു പ്രസ്താവനയുടെ കരട്ടുരൂപരേഖ പ്രസിദ്ധീകരിച്ചു.

പാർടിയുടെ വിവിധ ഘടകങ്ങൾ ഈ കരട്ടു രൂപരേഖ ചർച്ച ചെയ്തു് ചില ഭേദഗതികളോടെ അംഗീകരിച്ചു.

1951 ഒക്ടോബറിൽ കൂടിയ പാർടിയുടെ അഖിലേന്ത്യാ സമ്മേളനം കരട്ടുരൂപരേഖയും ഭേദഗതികളും ചർച്ചചെയ്തു് ചിലതു് സ്വീകരിക്കുകയും ഈ നയപ്രഖ്യാപനം അംഗീകരിക്കുകയും ചെയ്തു.

അഖിലേന്ത്യാ പാർടി സമ്മേളനം അംഗീകരിച്ച പാർടിയുടെ നയപ്രഖ്യാപനം ഇപ്പോൾ പ്രസിദ്ധീകരിക്കുന്നു.

നവംബർ 1951 — പോളിറ്റ്ബ്യൂറോ

## ഇന്ത്യൻ കമ്യൂണിസ്റ്റ് പാർടിയുടെ

# നയപ്രഖ്യാപനം

---

## ഞങ്ങളുടെ ലക്ഷ്യം

നിലവിലുള്ള ഗവൺമെൻറിനും വ്യവസ്ഥയ്ക്കും തങ്ങളുടെ നിത്യജീവിതത്തിലെ പ്രധാന പ്രശ്നങ്ങൾക്കു പരിഹാരം കാണാൻ കഴിയുകയില്ലെന്നു് ഇക്കഴിഞ്ഞ നാലു കൊല്ലക്കാലത്തെ അനുഭവങ്ങൾ നമ്മുടെ നാട്ടുകാരെ പഠിപ്പിച്ചിരിക്കുന്നു. ജനങ്ങൾക്കു ഭൂമിയും ഭക്ഷണവും, തൊഴിലും കൂലിയും, സമാധാനവും സ്വാതന്ത്ര്യവും നൽകുവാൻ ഈ ഭരണകൂടത്തിനും വ്യവസ്ഥയ്ക്കും കഴിയുകയില്ല. ഫ്യൂഡൽ ഭൂവുടമകളുടേയും വൻകിട കുത്തക ഫൈനാൻസ് മുതലാളികളുടേയും, ഇവരുടെയെല്ലാം പിന്നിൽ ഒളിഞ്ഞു നില്ക്കുന്ന ബ്രിട്ടീഷ് സാമ്രാജ്യത്വ നിക്ഷിപ്ത താല്പര്യങ്ങളുടേയും അഭിലാഷങ്ങൾക്കു പ്രധാനമായും ശങ്കിടിപാടുന്ന ഇന്നത്തെ ഗവൺമെന്റിനെ മാററുന്നതിൻെറ ആവശ്യകത അവർ മനസ്സിലാക്കുവാൻ തുടങ്ങിക്കഴിഞ്ഞിരിക്കുന്നു,

അതുകൊണ്ടു, ജനാധിപത്യവിരുദ്ധവും ജനസ്വാധീനമില്ലാത്തതുമായ ഇന്നത്തെ ഗവൺമെൻറിൻെറ സ്ഥാനത്തു് ഒരു പുതിയ ജനകീയജനാധിപത്യ ഗവൺമെൻറു സ്ഥാപിക്കുകയെന്ന കടമ നിർവ്വഹിക്കുവാൻ സമയം തികച്ചും പക്വമായിക്കഴിഞ്ഞിരിക്കുന്നുവെന്നു കരുതുന്ന ഒരു കർമ്മ പരിപാടി കമ്യൂണിസ്റ്റ് പാർടി അംഗീകരിച്ചിരിക്കുന്നു'.

അത്തരമൊരു ഗവൺമെൻറു രൂപീകരിക്കേണ്ടതാരാണു്? "ഇന്നാട്ടിലെ നാടുവാഴിത്തവിരുദ്ധവും സാമ്രാജ്യത്വവിരുദ്ധവും ജനാധിപത്യപരവുമായ എല്ലാ ശക്തികളുടേയും ഒരു കൂട്ടുകെട്ടിൻെറ അടിസ്ഥാനത്തിലായിരിക്കണം." അ

ത്തരമൊരു ഗവൺമെൻറു രൂപീകരിക്കുന്നതെന്നു പാർടി പരിപാടിയിൽ പറയുന്നു.

പുറമെ "ജനങ്ങളുടെ അവകാശാധികാരങ്ങൾക്കു ഫലപ്രദമായ ഉറപ്പു നൽകുവാനും കൃഷിക്കാക്കു പ്രതിഫലമില്ലാതെ ഭൂമി നൽകുവാനും വിദേശച്ചരക്കുകളുടെ മത്സരത്തിൽനിന്നു നമ്മുടെ ദേശീയ വ്യവസായങ്ങളെ കാത്തു രക്ഷിക്കുവാനും നാടിനെ വ്യവസായീകരിക്കുവാനും തൊഴിലാളി വർഗത്തിന് ഇന്നത്തേക്കാൾ ഉയർന്ന ജീവിതരീതി സാദ്ധ്യമാക്കിത്തീർക്കുവാനും, ജനങ്ങളെ തൊഴിലില്ലായ്മയിൽനിന്നു രക്ഷിക്കുവാനും അങ്ങനെ നാടിനെ പുരോഗതിയുടെയും സാംസ്കാരികാഭിവൃദ്ധിയുടെയും സ്വാതന്ത്ര്യത്തിൻെറയും വിസ്തൃതരാജപാതയിലൂടെ മുന്നോട്ടു നയിക്കുവാനും" പ്രസ്തുത ഗവൺമെൻറും അതു രൂപീകരിക്കുന്ന ശക്തികളും "കഴിവുറ്റതായിരിക്കണം." അങ്ങനെ ജനകീയ ജനാധിപത്യഗവൺമെൻറു നിർവ്വഹിക്കേണ്ടതായ പ്രായോഗിക കർമ്മങ്ങളെ പ്രസ്തുത പരിപാടി വിവരിക്കുന്നു.

അടിയന്തിരമായ പ്രധാന ലക്ഷ്യം വ്യക്തമായിരിക്കെ അതെങ്ങനെ സാധിക്കും? ഏതെല്ലാം വഴിയിലൂടെ ഏതെല്ലാം ശക്തികളെ കൂട്ടുപിടിച്ചുകൊണ്ട്? എന്ന ചോദ്യമാണ് ഇനി മുന്നോട്ടു വരുന്നത്

## നമ്മുടെ കഴിഞ്ഞകാലത്തെ നയം

പുതിയ ഭരണഘടന നിലവിൽ കൊണ്ടുവന്നിട്ടുള്ള പാർലിമെൻറിനെ ആയുധമാക്കിക്കൊണ്ട് ഇന്നത്തെ ഗവൺമെൻറിൻെറ സ്ഥാനത്ത് ഒരു ജനകീയ ജനാധിപത്യ ഗവൺമെൻറു സ്ഥാപിക്കാമെന്നു കരുതുന്ന ഒരു വലിയ വിഭാഗമാളുകൾ നമ്മുടെ നാട്ടിലുണ്ട്. നിലവിലുള്ള ഗവൺമെൻറും സ്ഥാപിതതാല്പര്യക്കാരും മാത്രമല്ല, ഒരു സുശക്ത

മായ പ്രതിപക്ഷം പാർലിമെൻറിനകത്തുണ്ടാവുകയെന്ന ഒരൊററക്കാരണത്താൽ ഈ ഗവൺമെൻറ് ഉലഞ്ഞു കട പറിഞ്ഞു വീഴുമെന്നു പ്രസംഗിക്കുന്ന വലതുപക്ഷ സോഷ്യലിസ്ററുകാരും ജനങ്ങളുടെ പ്രസ്തുത വിശ്വാസത്തെ പ്രോത്സാഹിപ്പിക്കുകയും വളർത്തുകയും ചെയ്യുന്നുണ്ട്.

പക്ഷെ, പഴയ കാലത്തെ തങ്ങളുടെ സാമ്രാജ്യത്വവിരുദ്ധ സമരങ്ങളുടെ ഫലമായുണ്ടായതെന്നു വിശ്വസിക്കപ്പെട്ട പുതിയ ഭരണഘടനയുടെ സാഫല്യത്തെപ്പററി ജനങ്ങൾ വിശ്വസിക്കുവാൻ തുടങ്ങുന്നതിനു മുമ്പുതന്നെ, അയഥാർത്ഥമായ മൌലികാവകാശങ്ങളെയും ഉറപ്പുകളെയും പോലും അതേ ഭരണഘടനയിൽ നിന്നു് എടുത്തുകളയുകയും ജനാധിപത്യവിരുദ്ധമായ ഈ ഗവണ്മെൻറിനെ പിടിച്ചുലക്കുവാനുള്ള ആയുധമെന്ന നിലയ്ക്കു് ജനങ്ങളാവശ്യപ്പെട്ട വ്യക്തിസ്വാതന്ത്ര്യം, പത്രസ്വാതന്ത്ര്യം, പ്രസംഗസ്വാതന്ത്ര്യം, സംഘടനാസ്വാതന്ത്ര്യം എന്നിവ പോലീസ് ബാററൻതടിയുടേയും, ഉദ്യോഗസ്ഥമേധാവികളുടെയും സ്വേച്ഛാഭരണത്തിനു വിധേയമാക്കിത്തീർക്കുകയും ചെയ്തിരിക്കുന്നു. പാർലിമെൻറിലൂടെമാത്രം ഇന്നാട്ടിൽ ജനാധിപത്യപരമായ ഒരു മൌലിക പരിവത്തനം സാധിതമാക്കുവാൻ ഗവൺമെൻറും, ഇതിനെ അധികാരത്തിൽ വച്ചുകൊണ്ടിരിക്കുന്ന വർഗങ്ങളും നമ്മെ എപ്പോഴെങ്കിലും അനുവദിക്കുമെന്നു് ഇനിയും വിശ്വസിച്ചുകൊണ്ടിരിക്കുവാൻ മുരത്ത മിതവാദികൾ പോലും (കമ്യൂണിസ്ററു പടാർടിയുടെയും, മററു ജനാധിപത്യ വാദികളുടേയും വിപ്ലവകാരികളുടെയും കായ്യമിരിക്കട്ടെ) ഇക്കാലത്തു ലജ്ജിച്ചുപോകും അങ്ങനെ പാർടിപരിപാടിയിൽ പറഞ്ഞിട്ടുള്ള പ്രകാരം നമ്മെ സ്വാതന്ത്ര്യത്തിലേക്കും, സമാധാനത്തിലേക്കും നയിക്കുന്നതും, നമുക്കു ഭൂമിയും ഭക്ഷണവും സ്വാതന്ത്ര്യവും, സമാധാനവും നേടിത്തരുന്നതുമായ വഴി നാം മറെറവിടെയെങ്കിലും തേടേണ്ടിയിരിക്കുന്നു.

ചൈനീസ് ജനാധിപത്യവും, ജനകീയജനാധിപത്യങ്ങളുമായി കൈകോർത്തുകൊണ്ടുനില്ക്കുന്ന സോവിയറ്റുയൂനിയന്റെ നേതൃത്വത്തിലുള്ള ലോകത്തിലെ ഏതാണ്ടു പകുതിയോളം ജനതയെ യഥാതഥജനാധിപത്യത്തിലേക്കും, സ്വാതന്ത്ര്യത്തിലേക്കും, സോഷ്യലിസത്തിലേക്കും ഉയർത്തിയ വിപ്ലവ സമരങ്ങളുടെ അനുഭവങ്ങളുടെ, മാർക്സ്സും, ഏംഗൽസ്സും ലെനിനും, സ്റ്റാലിനും വെളിച്ചം പരത്തിയ ചരിത്രം നമ്മുടെ മുമ്പാകെ അവതരിപ്പിച്ചിട്ടുണ്ടു്.

അങ്ങനെ നമ്മുടെ പ്രധാന രാജപാത നമുക്കുവേണ്ടി തെളിയിക്കപ്പെട്ടിട്ടുണ്ടു്. എന്നാൽപോലും ഓരോ രാജ്യത്തിനും അതിന്റേതായ സ്വന്തം വഴിയും തിരഞ്ഞു പിടിക്കേണ്ടതുണ്ടു്. നമ്മുടെ വഴി ഏതാണു്?

കഴിഞ്ഞ മുപ്പതുകൊല്ലക്കാലമായി ഗ്രൂപ്പുകളെന്ന നിലക്കോ, ഒരേക്കൃത പാർട്ടിയെന്ന നിലയിലോ കമ്യൂണിസ്റ്റുകാർ ഇന്ത്യയിൽ ജനങ്ങളൊന്നിച്ചു പ്രവർത്തിച്ചിട്ടുണ്ടു്. ഇക്കാലഘട്ടത്തിൽ അവർ സുശക്തമായൊരു തൊഴിലാളി പ്രസ്ഥാനം വളർത്തിയിട്ടുണ്ടു്. അവരുടെ സമരങ്ങൾ നടത്തിയിട്ടുണ്ടു്. അവരുടെ ആവശ്യങ്ങൾ നേടിയിട്ടുണ്ടു് അവർ ഒരു കിസാൻ പ്രസ്ഥാനം വളർത്തിയിട്ടുണ്ടു്. വളരെയേറെ പ്രദേശങ്ങളിൽ. ഉദാഹരണത്തിനു തെലുങ്കാനയിൽ, ഭൂമിയില്ലായ്മയിൽ നിന്നു ഭൂവുടമസ്ഥതയിലേക്കും, നിർബന്ധവേലക്കുപകരം സ്വാതന്ത്ര്യത്തിലേക്കും അവർ കൃഷിക്കാരെ നയിച്ചിട്ടുണ്ടു്.. ജനകീയാവശ്യങ്ങൾ നേടുന്നതിനുവേണ്ടി കമ്യൂണിസ്റ്റുകാർ സമരം നടത്തിയിട്ടുണ്ടു്. ഈ സമരങ്ങളിൽ നൂറുകണക്കിനും ആയിരക്കണക്കിനും കമ്യൂണിസ്റ്റുകാർ കൊല്ലപ്പെട്ടിട്ടുണ്ടു്. തൂക്കിലേറ്റപ്പെടുകയും, തടവിലിടപ്പെടുകയും, മൃഗീയമായി മർദ്ദിക്കപ്പെടുകയും നശിക്കുകയും ചെയ്തിട്ടുണ്ടു്. അദ്ധ്വാനിക്കുന്ന ജനതയെ നയിച്ചു് കൊണ്ടിരുന്ന സന്ദർഭങ്ങളിൽ, നമ്മുടെ ചരിത്രത്തിലെ

വിധിനിർണ്ണായക ഘട്ടങ്ങളിൽ, പലപ്പോഴും മുന്നേറാനുള്ള വഴി ഏതാണ്? നാടിൻേറയും നാട്ടുകാരുടേയും ഉത്തമ താല്പര്യങ്ങളെ ഏററവും ദൃഢമായി അരക്കിട്ടുറപ്പിക്കുവാനുള്ള അടവേതാണ്? എന്ന പ്രശ്നം, സ്വാഭാവികമായും ഞങ്ങൾക്കഭിമുഖീകരിക്കേണ്ടിവന്നിട്ടുണ്ട്.

ഇക്കാലമത്രയും നാം തുടൎന്നുപോന്നിട്ടുള്ള വഴിയെ അപ്പടിയേ ഞങ്ങളിവിടെ നിരീക്ഷണംചെയ്യുന്നില്ല; നമ്മുടെ കർമ്മപരിപാടി നടപ്പിലാക്കുന്നതിന്നു ഇനിയങ്ങോട്ടു നമ്മെ നയിക്കുന്ന വഴി ഏതെന്നു നമുക്കു വ്യക്തമാകുവാൻവേണ്ടി ഈ അടുത്തകാലത്തു നാം തുടൎന്നുപോന്ന വഴിയെക്കുറിച്ചു മാത്രമേ ഞങ്ങളിവിടെ പ്രതിപാദിക്കുന്നുള്ളൂ.

ദേശീയൈക്യമുന്നണി കെട്ടിപ്പടുക്കുകയെന്ന പേരിൽ തൊഴിലാളികളുടേയും കൃഷിക്കാരുടേയും മററു ജനവിഭാഗങ്ങളുടേയും സമരങ്ങൾക്കു കടിഞ്ഞാണിട്ട മുമ്പത്തെ പാർടി നേതൃത്വത്തിൻെറ മിതവാദിനയത്തെ നമ്മുടെ രണ്ടാംപാർടിസമ്മേളനം തിരസ്കരിച്ചു. രണ്ടാംപാർടി കോൺഗ്രസ്സിന്നു ശേഷം, ഇന്ത്യൻവിപ്ലവപ്രസ്ഥാനം അനുസരിക്കേണ്ട വഴിയെക്കുറിച്ചു പാർടിക്കുള്ളിൽ വാദപ്രതിവാദങ്ങളും അഭിപ്രായഭേദങ്ങളും ഉയൎന്നുവന്നു. റഷ്യയിലെപ്പോലെ നമ്മുടെ പ്രധാന സമരായുധം, വ്യവസായത്തൊഴിലാളികളുടെ പൊതുപണിമുടക്കവും, തുടൎന്നു രാജ്യവ്യാപകമായ തോതിൽ സായുധസമരവും ആയിരിക്കണമെന്നു കുറേക്കാലത്തേക്കു വാദിച്ചുപോന്നിരുന്നു. പിന്നീട്, ചൈനീസ് വിപ്ലവത്തിൻെറ പാഠങ്ങളെക്കുറിച്ചുള്ള അബദ്ധധാരണയെ ആസ്പദമാക്കി, ചൈനയെപ്പോലെ നമ്മുടേതും ഒരൎദ്ധകോളനിയായതുകൊണ്ടു്, ചൈനയിലെന്നപോലെതന്നെ കൃഷിക്കാരുടെ ഗറില്ലാസമരത്തെ പ്രധാന ആയുധമാക്കിക്കൊണ്ടാണ് നമ്മുടെ വിപ്ലവവും, വളൎന്നുവരികയെന്ന പ്രമേയം മുന്നോട്ടു കൊണ്ടുവരപ്പെട്ടു.

പ്രസ്തുത വീക്ഷണഗതികളിൽ ഒന്നല്ലെങ്കിൽ മററൊന്നിനെ ഓരോ സമയത്തും ശരിവെച്ചുപോന്ന സഖാക്കൾക്കിടയിൽ, രാജ്യത്തിലെ പരിത:സ്ഥിതികളെക്കുറിച്ചു കണക്കാക്കുന്നതിലും, ജനങ്ങളിൽനിന്നു് ഇന്നത്തെ ഗവർമ്മെൻറു് എത്രകണ്ടു് ഒററപ്പെട്ടിട്ടുണ്ടെന്നതിനെക്കുറിച്ചും മററു പല പ്രധാന പ്രശ്നങ്ങളെസംബന്ധിച്ചും അഭിപ്രായഭിന്നതകൾ ഉണ്ടായിരുന്നു. ജനങ്ങളെ വിജയത്തിലേക്കു നയിക്കുവാൻ പാർടിക്കു കഴിയുമാറു് പ്രസ്തുത അഭിപ്രായഭിന്നതകൾ പരിഹരിക്കേണ്ടിയിരുന്നുവെന്നതു് വ്യക്തമായിരുന്നു.

വളരെ മാസങ്ങളോളം നീണ്ടുനിന്ന ചർച്ചകൾക്കു ശേഷം, നമ്മുടെ നാടിൻെറ സ്വാതന്ത്ര്യത്തിനും, നമ്മുടെ നാട്ടാരുടെ ക്ഷേമൈശ്വര്യങ്ങൾക്കും ഉള്ള ശരിയായ വഴിയെക്കുറിച്ചു പാർട്ടി ഇപ്പോൾ ഒരു പുതിയ ധാരണയിലെത്തിച്ചേർന്നിരിക്കുന്നു. ഇതിനെ റഷ്യൻമാർഗമെന്നോ, ചൈനീസ് മാർഗമെന്നോ പറയാൻ വയ്യ. പറയുന്നുമില്ല. പ്രസ്തുത മാർഗം മാർക്സ്, എംഗൽസ്, ലെനിൻ, സ്റ്റാലിൻ എന്നിവർ പഠിപ്പിച്ചിട്ടുള്ള പാഠങ്ങൾക്കനുയോജ്യവും, വിപ്ലവചരിത്രത്തിലെ എല്ലാ സമരങ്ങളുടേയും അനുഭവങ്ങളെ, പ്രത്യേകിച്ചും റഷ്യൻസമരത്തിൻെറയും, ചൈനീസ്സമരത്തിൻേറയും അനുഭവങ്ങളെ ആസ്പദമാക്കിക്കൊണ്ടുള്ളതും ആയിരിക്കണം അതങ്ങനെയാണുതാനും. (ലെനിൻെറയും സ്റ്റാലിൻെറയും കമ്യൂണിസ്റ്റുപാർടിയുടെ നേതൃത്വത്തിൽ, മുതലാളിത്തപരവും, സാമ്രാജ്യത്വപരവുമായ ഒരു രാജ്യത്തിൽ, തൊഴിലാളിവർഗം ലോകത്തിലൊന്നാമത്തായി നടത്തിയ സോഷ്യലിസ്റ്റു വിപ്ലവമാണെന്നതിനാൽ നമ്മുടെ സമരമാർഗ്ഗം റഷ്യൻസമരാനുഭവങ്ങളെ ആസ്പദമാക്കിയതായിരിക്കണം. ഒരർദ്ധകോളനിയിൽ, ഒരാശ്രിതരാജ്യത്തിൽ ദേശീയബൂർഷ്വാസിപോലും പങ്കെടുത്തുകൊണ്ടു്, കമ്യൂണിസ്റ്റുപാർട്ടിയുടെ നേതൃത്വത്തിൽ നടന്ന ഒന്നാമത്തെ ജനകീയജനാധി

പത്യവിപ്ലവമെന്ന നിലയ്ക്കു് അതു ചൈനീസ് സമരാനുഭവങ്ങളേയും ആസ്പദപ്പെടുത്തിയുള്ളതായിരിക്കണം.) അതേസമയം, സ്വാതന്ത്ര്യസമരമാർഗം നിർണ്ണയിക്കുന്നതിൽ പ്രാധാന്യം വഹിക്കുന്ന പ്രകൃതിദത്തവും, സാമൂഹ്യവുമായ പ്രത്യേകതകൾ ഓരോ രാജ്യത്തിന്നും പ്രത്യേകമായുണ്ടെന്ന വസ്തുത നാം നല്ലപോലെ ഓർമ്മിച്ചിരിക്കുകയും വേണം.

അപ്പോൾ ചൈനീസ് മാർഗത്തിൽനിന്നു നമ്മുടെ മാർഗം ഏതേതു കാര്യങ്ങളിൽ വ്യത്യസ്തമായിരിക്കണം.

## ചൈനയും ഇന്ത്യയും – സാദൃശ്യവും, വ്യത്യാസവും നമ്മുടെ കാഴ്ചപ്പാടു്

ഒന്നാമതായി, ചൈനയുമായി നമുക്കു യോജിപ്പുള്ളതെവിടെയാണെന്നു നോക്കാം. നമ്മുടെ വിപ്ലവത്തിൻെറ സ്വഭാവത്തിലാണു് പ്രസ്തുത യോജിപ്പുള്ളതു്. ചൈനയുടേതെന്നപോലെതന്നെ നമ്മുടെ രാജ്യത്തിൻെറയും ജീവൽപ്രധാനവും പ്രാഥമികവുമായ കാര്യം, കൃഷിയും കാർഷികപ്രശ്നവുമത്രെ. നമ്മുടെ നാടു് കൃഷിയെ ആശ്രയിച്ചു കഴിയുന്ന ബഹുഭൂരിപക്ഷം ജനതയെ ഉൾക്കൊള്ളുന്ന ഒരു കോളനിയാകുന്നു. ഇന്നാട്ടിലെ തൊഴിലാളികളെ എടുത്താലും അവരിലധികം പേരും കർഷകജനതയുമായി നേരിട്ടു ബന്ധപ്പെട്ടവരും ഭൂപ്രശ്നത്തിൽ താല്പര്യമുള്ളവരുമാകുന്നു,

നാടുവാഴിഭൂവുടമകളിൽ നിന്നു ഭൂമി പിടിച്ചെടുത്തു്, പ്രതിഫലമില്ലാതെ അതു കൃഷിക്കാൎക്കു നൽകുകയെന്നതാണു് നമ്മുടെ യഥാർത്ഥ സ്വാതന്ത്ര്യമെന്നതിനു് ഇന്നർത്ഥം. നാടുവാഴിത്തത്തിന്നെതിരായ ഈ കടമ നിർവ്വഹിക്കുന്നതുകൊണ്ടു മാത്രമേ നമ്മുടെ നാടു് യഥാർത്ഥ സ്വാതന്ത്ര്യം നേടിയെന്നു പറയാൻ നിവൃത്തിയുള്ളു; എന്തു കൊണ്ടെന്നാൽ ചൈനയിലെന്നപോലെതന്നെ, നമ്മുടെ രാജ്യത്തിലെയും സാമ്രാ

ജ്യത്വ താല്പര്യങ്ങളുടെ പ്രധാന തൂണുകൾ, നാട്ടുവാഴികളാകുന്നു. അതുകൊണ്ടു ചൈനീസ് ജനതയെപ്പോലെ തന്നെ നമുക്കും നാട്ടുവാഴിത്തത്തോടും. സാമ്രാജ്യത്വത്തോടും, പോരാടേണ്ടതുണ്ട്. നമ്മുടെ വിപ്ലവം നാട്ടുവാഴിത്ത വിരുദ്ധവും സാമ്രാജ്യവിരുദ്ധവുമാകുന്നു.

ഇതു കാർഷിക രാജ്യങ്ങൾക്കു സർവ്വപ്രാധാന്യം നൽകുന്നു. നാട്ടുവാഴിഭൂവുടമകളിൽ നിന്നു ഭൂമി പിടിച്ചെടുത്തു കൊണ്ടും, ക്രമമായി വിമോചന സൈന്യത്തെ സൃഷ്ടിച്ചു കൊണ്ടും ഉള്ള കൃഷകജനതയുടെ ഗറില്ലാസമരത്തെ പ്രധാനമായും ആധാരമാക്കിയാണു് ചൈനയിലെ വിമോചന യുദ്ധം നടത്തപ്പെട്ടതെന്ന വസ്തുത മുന്നിൽ വച്ചുകൊണ്ടു്, ഇന്ത്യയുടെ വഴിയും അതുതന്നെയായിരിക്കുമെന്നും, കർഷകജനതയുടെ ഗറില്ലാസമരങ്ങൾ മിക്കവാറും തനിയെത്തന്നെ നമ്മെ സ്വാതന്ത്ര്യത്തിലേയ്ക്കു നയിക്കുമെന്നും ശക്തിയായി വാദിക്കപ്പെട്ടിരുന്നു.

ഇത്തരത്തിൽ ചൈനീസ് സമരാനുഭവത്തെ മനസ്സിലാക്കുകയും അത്തരമൊരു തീരുമാനത്തിലെത്തിച്ചേരുകയും. ചെയ്യുന്നതിന്റെ അർത്ഥം ചൈനീസ് വിപ്ലവത്തിലെ മററു യാഥാർത്ഥ്യങ്ങളെ അവഗണിക്കുകയും നമ്മുടെ നാട്ടിലെ പ്രത്യേക പരിതഃസ്ഥിതികളുടെ നേരെ കണ്ണടയ്ക്കുകയും ചെയ്യുകയെന്നതായിരിക്കുമെന്നു സി. സി. അഭിപ്രായപ്പെടുന്നു. ഉദാഹരണത്തിനു്:

സ്വാതന്ത്ര്യസമരത്തിൽ ചൈനീസ് പാർടി അവിടത്തെ കർഷകജനതയെ നയിക്കാനൊരുങ്ങിയപ്പോൾ 1925-ലെ വിപ്ലവത്തിലുണ്ടായ ഭിന്നിപ്പിൽ നിന്നു കിട്ടിയ ഒരു പട്ടാളം അതിന്റെ കീഴിൽ ഉണ്ടായിരുന്നുവെന്ന വസ്തുത നാം പരിഗണിക്കാതിരുന്നുകൂടാ.

ചൈനയിൽ ഏകീകൃതവും കാര്യമാത്രവുമായ ഒരു വാർത്താവിതരണക്രമം ഉണ്ടായിരുന്നില്ലെന്നും, ഇതു സ്വാതന്ത്ര്യ

ശക്തികളുടെ മേൽ പെട്ടെന്നുള്ളതും കേന്ദ്രീകൃതവുമായ ഒരാക്രമണം നടത്തുവാൻ ശത്രുവിന്നു സാദ്ധ്യമല്ലാതാക്കിത്തീർത്തുവെന്നുമുള്ള വസ്തുത നാം ശ്രദ്ധിക്കാതിരുന്നുകൂടാ. ഇക്കാര്യത്തിൽ, ഇന്ത്യ ചൈനയിൽനിന്നു വ്യത്യസ്തമത്രെ. ഇക്കാര്യത്തിൽ ഇന്ത്യയ്ക്കു താരതമ്യേന കൂടുതൽ ഏകീകൃതവും, സുസംഘടിതവും വിശാലവുമായ ഒരു വാർത്താ വിതരണക്രമമുണ്ട്,

സ്വാതന്ത്ര്യത്തിലേക്കുള്ള അതിന്റെ മുന്നേററക്കാലത്തു ചൈനയ്ക്കുണ്ടായിരുന്നതിനേക്കാൾ വളരെയേറെ വലിയൊരു തൊഴിലാളിവർഗം ഇന്ത്യയ്ക്കുണ്ട്.

ഇതിനും പുറമെ, ചൈനീസ് ചുവപ്പുസേന മഞ്ചൂറിയായിലെത്തുമ്പോളും അതു കൂടക്കൂടെ ശത്രുവിനാൽ വളയപ്പെട്ടുകയും സർവ്വനാശത്തെ അഭിമുഖീകരിക്കുകയും ചെയ്യുകയുണ്ടായിട്ടുണ്ട് എന്ന വസ്തുത നാം കാണാതിരുന്നുകൂടാ. അവിടെ വ്യവസായ കേന്ദ്രം കൈവശമായിത്തീർന്നതിനാലും പിന്നണിയിൽ സൌഹാർദ്ദഭാവത്തിൽ കഴിയുന്ന മഹത്തായ സോവിയററു യൂനിയനായിരുന്നതു കൊണ്ടും, പിന്നിൽനിന്നുള്ള ആക്രമണഭീഷണി തീരെയില്ലാത്ത ചൈനീസ് വിമോചനസേന, സ്വയം പുനസ്സംഘടിപ്പിക്കപ്പെട്ടുകയും വിജയത്തിലേക്കുള്ള അവസാന പ്രത്യാക്രമണം അഴിച്ചുവിട്ടുകയും ചെയ്തു. ഇക്കാര്യത്തിൽ ഇന്ത്യയുടെ ഭൂമിശാസ്ത്രപരമായ നിലതികച്ചും വ്യത്യസ്തമത്രെ.

നമ്മുടെ വിപ്ലവത്തിന്റെ പത്ഥവും, അതിലെ പ്രധാന കടമകളുമൊഴികെ നമുക്കും ചൈനയ്ക്കും തമ്മിൽ മററൊരു സാദൃശ്യവുമില്ലെന്ന് ഇതിന്നർത്ഥമാകുന്നില്ല. നേരെമറിച്ച്, ചൈനയെന്നപോലെതന്നെ ഇന്ത്യയും വളരെ വിസ്തൃതമായ ഒരു രാജ്യമാകുന്നു. ചൈനയിലെന്നപോലെതന്നെ ഇന്ത്യയിലും ബഹുഭൂരിപക്ഷം കൃഷിക്കാരാകുന്നു. അതുകൊണ്ടു ചൈനീസ്‌വിപ്ലവവുമായി യോജിപ്പുള്ള പല

പ്രത്യേകതകളും നമ്മുടെ വിപ്ലവത്തിനുണ്ടായിരിക്കും. എന്നാൽ ചൈനീസ് മാർഗത്തിലുള്ള കാർഷികസമരങ്ങൾ ഒന്നുമാത്രംകൊണ്ട് ഇന്ത്യയ്ക്കു വിജയംവരിക്കുവാൻ കഴിയുകയില്ല.

വിശേഷിച്ചും ചൈനീസ് പാർട്ടി കൃഷിക്കാരുടെ ഗറില്ലാസമരത്തിൽമാത്രം ഊന്നിനിന്നതു താത്വികമായ ഒരു നിലക്കല്ല; പ്രത്യുത ഗത്യന്തരമില്ലാത്തതിനാലത്രെ. തങ്ങളുടെ ദീർഘകാലസമരങ്ങളിൽ പാർടിയും, കാർഷികേന്ദ്രങ്ങളും, തൊഴിലാളിവർഗത്തിൽനിന്നും അതിൻെറ സംഘടനയിൽനിന്നും അധികമധികം അകന്നുപോയിട്ടുണ്ട്. ഇതു ഫാക്ടറികളിലും, കപ്പലുകളിലും, ഗതാഗതരംഗത്തുമുള്ള തൊഴിലാളിവർഗത്തെ, ശത്രുവിന്നെതിരായി തങ്ങളെ സഹായിക്കുവാൻ കർമ്മരംഗത്തിലേക്ക് ആഹ്വാനം നൽകുന്നതിൽനിന്നു പാർടിയേയും വിമോചനസേനയേയും തടഞ്ഞുനിർത്തിയിട്ടുണ്ട്. ചൈനയിലങ്ങനെ സംഭവിച്ചുവെന്നതുകൊണ്ട്, അവരുടെ അനിവാര്യത നമുക്കും ബാധകമായ ഒരു നിയമമാകുന്നതെന്തിനു്? ചൈനയിലങ്ങനെ സംഭവിച്ചുവെന്നതുകൊണ്ട്, നമ്മുടെ വിമോചനസമരത്തിലും തൊഴിലാളിവർഗത്തെ പ്രായോഗികനേതൃത്വത്തിലേക്കും, കർമ്മരംഗത്തിലേക്കും കൊണ്ടുവരാതിരിക്കുന്നതെന്തിനു്?

അത്തരമൊരു വീക്ഷണഗതി, നമുക്കു വമ്പിച്ച ഒരു തൊഴിലാളിവർഗമുണ്ടെന്നും, അതിന്നു നമ്മുടെ വിമോചനസമരത്തിൽ വിധിനിർണ്ണായകമായിത്തീരാവുന്ന ഒരു പങ്കു നിർവ്വഹിക്കുവാനുണ്ടെന്നുമുള്ള വസ്തുത വിസ്മരിച്ചുകളയുന്നു. യോജിച്ചുനിന്നു പ്രവർത്തിക്കുന്ന തൊഴിലാളിവർഗത്തിന്റെയും കർഷകജനതയുടെയും മഹത്തായ സമരസഖ്യം, കമ്യൂണിസ്റ്റു പാർടിയുടെ നേതൃത്വത്തിൽ തൊഴിലാളികർഷകസമരങ്ങ

ളുടെ ഏകീകരണം, സമരം നടത്തുന്നതിൽ വിപ്ലവചരിത്രത്തിലെ സകല പാഠങ്ങളേയും ഉപയോഗപ്പെടുത്തൽ-ഇതായിരിക്കും നമ്മുടെ സമരമാർഗം.

അങ്ങനെ, പട്ടണത്തിലെ പൊതുപണിമുടക്കത്തെ ആശ്രയിച്ചുകൊണ്ടുള്ള മുമ്പത്തെ പാർടിലൈൻ കർഷകജനതയുടെ പങ്കിനെ അവഗണിച്ചപ്പോൾ, ഗറില്ലാസമരത്തെ ആധാരമാക്കിക്കൊണ്ടുള്ള പിന്നത്തെ പാർടിലൈൻ തൊഴിലാളിവർഗത്തിന്റെ പങ്കിനെ അവഗണിച്ചുവെന്നും, പ്രായോഗികമായി ഇതിന്റെ ഫലം, കർഷകജനതക്കു തങ്ങളുടെ ഏറ്റവും വലിയ സുഹൃത്തും നേതാവും നഷ്ടപ്പെടുകയെന്നതായിരുന്നുവെന്നും നമുക്കു കാണ്മാൻ കഴിയും. തൊഴിലാളിവർഗം "താത്വികമായി" മാത്രം—പാർടിയിലൂടെമാത്രം—നേതാവായി നിലനിന്നു; എന്തുകൊണ്ടെന്നാൽ പാർടിയെന്നതിന്റെ നിർവ്വചനം തൊഴിലാളിവർഗപാർടിയെന്നാണു്!

ഈ രണ്ടു ലൈനുകളും ദേശീയൈക്യമുന്നണിയുടെ അടിസ്ഥാനമെന്ന നിലക്കു തൊഴിലാളിവർഗത്തിന്റെയും കൃഷകജനതയുടെയും സമരസഖ്യം ഊട്ടിയുണ്ടാക്കുകയെന്ന കടമയെ ഫലത്തിൽ മറന്നുകൊണ്ടുള്ളവയായിരുന്നു; ദേശീയൈക്യമുന്നണി കെട്ടിപ്പടുക്കുന്നതിനെ മറന്നുകൊണ്ടുള്ളതായിരുന്നു; സ്വാതന്ത്ര്യസമരത്തിൽ പ്രസ്തുത മുന്നണിയുടെ നേതാവായി തൊഴിലാളിവർഗത്തെ വാഴിക്കുകയെന്ന കടമ മറന്നുകൊണ്ടുള്ളതായിരുന്നു.

ഇതു പ്രശ്നങ്ങളെ തെറ്റായി സമീപിക്കലായിരുന്നുവെന്നു മനസ്സിലാക്കണം. പാർടിയിലൂടെയും, കൃഷകജനതയുടെ സമരങ്ങളിൽ പാർടി നേതൃത്വംവഹിക്കുന്നുവെന്നതിലൂടെയുംമാത്രം തൊഴിലാളിവർഗ നേതൃത്വം സാധിച്ചുവെന്നുവരുന്നില്ല; പ്രത്യുത, യഥാർത്ഥത്തിൽ പ്രവൃത്തിയിലൂടെ,

കർഷകജനതയുടെ ആവശ്യങ്ങൾക്കുവേണ്ടി തൊഴിലാളിവർഗം സുദൃഢമായി നിന്നു വാദിക്കുന്നതിലൂടെയും, സ്വതന്ത്ര പ്രവൎത്തനങ്ങളിലൂടെ കാർഷികസമരങ്ങളെ സഹായിക്കുവാൻ അതു മുന്നോട്ടു വരുന്നതിലൂടെയുമാണ് തൊഴിലാളിവർഗനേതൃത്വം ഉടലെടുക്കുന്നതു്. സമരസഖ്യം താത്വികമായി മാത്രമല്ല, പ്രായോഗികമായും വൎത്തിക്കണം. തൊഴിലാളിവർഗം സമരം ചെയ്യുന്ന കർഷകജനതയെ സഹായിക്കുകയും പൊതുശത്രുവിന്നെതിരായ വിജയത്തിന്നുറപ്പുനൽകുകയും ചെയ്യേണ്ടുന്ന സമരസഖാവത്രെ

തൊഴിലാളികളെയും, ദരിദ്രകർഷകരെയും ആധാരമാക്കിക്കൊണ്ടു്, മുഴുവൻ ജനങ്ങളോടുമൊപ്പം, കർഷകജനതയുമായി ഉറച്ച സമരസഖ്യത്തിൽ വൎത്തിച്ചുകൊണ്ടു നാട്ടിൻപുറങ്ങളിലെയും നഗരങ്ങളിലെയും സമരങ്ങളെ സ്വാതന്ത്ര്യത്തിലേക്കും, ഭൂമി, ഭക്ഷണം, തൊഴിൽ, സമാധാനം എന്നിവയിലേക്കും നയിക്കുന്നു.

മഹത്തായ ഈ ചരിത്രപാഠം സഖാക്കളെ അറിയിക്കുവാൻ സി. സി. ആഗ്രഹിക്കുന്നു. ഈ പാഠം വെറുമൊരു റഷ്യൻമാർഗമല്ല; ഇതു് ഒരു ചൈനീസ് മാർഗവുമല്ല; ഈ പാഠം ഇന്ത്യൻ പരിതഃസ്ഥിതികൾക്കനുസരിച്ചുള്ള ലെനിനിസത്തിന്റെ ഒരു മാർഗമത്രെ.

നമ്മുടെ കാഴ്ചപ്പാടിനെക്കുറിച്ചുള്ള അത്തരമൊരു ധാരണ, നമ്മുടെ ബഹുജനപ്രസ്ഥാനവും നമ്മുടെ ട്രേഡ്‌യൂനിയനുകളും, കിസാൻസഭകളും വളൎത്തേണ്ടതെങ്ങനെയെന്ന കാര്യത്തിലും ഒരു പുതിയ വീക്ഷണഗതിയും. പാർടിയെ പടുത്തുയൎത്തുന്നതിനൊരു പുതിയ മാർഗവും നമ്മുടെ മുമ്പിൽ വെയ്ക്കുന്നു.

സായുധസമരപരിപാടി അംഗീകരിക്കുന്നുണ്ടോ ഇല്ലയോ എന്നതല്ല പ്രധാന പ്രശ്നമെന്നു്, നമ്മുടെ പരിപാടി

അക്രമരഹിതമോ, അക്രമപരമോ ആയിരിക്കേണ്ടതു് എന്നതല്ല പ്രധാന പ്രശ്നമെന്നു് ഈ ധാരണ സഖാക്കൾക്കു കാണിച്ചുകൊടുക്കും. നമ്മുടെ കർമ്മപരിപാടി അക്രമപരമോ അക്രമരഹിതമോ എന്ന ചോദ്യം നമ്മുടെ മുമ്പിലവതരിപ്പിക്കുന്നതു്, നമ്മുടെ എതിരാളികളാകുന്നു. പ്രശ്നത്തെ അത്തരത്തിലവതരിപ്പിക്കുന്നതു്, ഫലത്തിൽ ജനങ്ങളെ വഴിപിഴപ്പിക്കുന്ന ഗാന്ധിയൻ ആശയഗതിയുടെ അവതരണരീതിയാകുന്നു. പ്രശ്നത്തെ അത്തരത്തിൽ അവതരിപ്പിക്കാതിരിക്കുവാൻ സൂക്ഷിക്കണം. വളരെക്കാലമായി ലോകത്തിലെ സകല രാജ്യങ്ങളിലേയും ജനങ്ങൾക്കും പാർടികൾക്കുംവേണ്ടി, മാർക്സിസവും, ചരിത്രവും എന്നെന്നേക്കുമായി ഈ പ്രശ്നം തീരുമാനിച്ചുകഴിഞ്ഞിട്ടുണ്ടു് തങ്ങളുടെ താല്പര്യസംരക്ഷണത്തിന്നും, മോചനസമ്പാദനത്തിന്നും വേണ്ടിയുള്ള ബഹുജനങ്ങളുടെ സർവ്വ പ്രവർത്തനങ്ങളും പരിപാവനമാകുന്നു. പുരോഗതിയിലേക്കും, സ്വാതന്ത്ര്യത്തിലേക്കുമുള്ള തങ്ങളുടെ മാർഗ്ഗത്തിൽ അടിഞ്ഞുകൂടുന്ന പിന്തിരപ്പത്തത്തിന്റേയും, അധഃപതനത്തിന്റേയും കീറാമുട്ടികളെ തട്ടിത്തകർക്കുവാൻ ജനങ്ങൾ സ്വീകരിക്കുന്ന എല്ലാ മാർഗ്ഗങ്ങളെയും ചരിത്രം അനുവദിക്കുന്നു.

നമ്മുടെ പഴയ കാലത്തെ മുഴുവൻ ധാരണകളും ഏകപക്ഷീയവും പോരായ്മകളുള്ളവയുമെന്ന നിലക്കു തള്ളിക്കളയണമെന്നു് ഇതിൽനിന്നും നാം പഠിക്കേണ്ടതാണു്.

## വ്യക്തിപരമായ ഭീകരപ്രവർത്തനങ്ങളെ എതിർക്കുക

എന്നാൽ ചരിത്രമനുവദിക്കാത്ത ഒരു പ്രവൃത്തിയുണ്ടു്. അതു വ്യക്തിപരമായ ഭീകരപ്രവർത്തനമാകുന്നു.

വ്യക്തിപരമായ ഭീകരപ്രവൎത്തനം, ഒരു വൎഗ്ഗത്തിലെയോ, വ്യവസ്ഥയിലെയോ വ്യക്തികൾക്കെതിരായി വ്യക്തികളോ ഗ്രൂപ്പുകളോ സ്ക്വാഡുകളോ അഴിച്ചുവിടുന്നതാണു്. അങ്ങനെ ചെയ്യുന്ന വ്യക്തികൾ ധീരന്മാരും നിസ്സ്വാൎത്ഥമതികളുമായിരിക്കാം; അവരെ ജനങ്ങൾ അഭിനന്ദിക്കുകയോ, പ്രവൃത്തിരംഗത്തിലേക്കു ക്ഷണിക്കുകതന്നെയോ ചെയ്തുവെന്നും വരാം; അതുപോലെതന്നെ അവരാക്കെതിരായാണോ പ്രവൎത്തിക്കുന്നതു അവർ ഏറ്റവും വെറുക്കപ്പെട്ടവരുമായിരിക്കാം; എന്നാൽപോലും അത്തരം പ്രവൎത്തനങ്ങൾക്കു് മാൎക്സിസം അനുമതി നൽകുന്നില്ല. എന്തുകൊണ്ടു്? അവയിലൊന്നിലും ജനങ്ങൾ പ്രവൃത്തിരംഗത്തിലില്ലെന്ന ലളിതമായ ഒരൊററ കാരണംകൊണ്ടുമാത്രം; ജനങ്ങൾ ചെയ്യേണ്ടതൊക്കെ പ്രസ്തുത ധീരന്മാർ നിൎവ്വഹിച്ചുകൊള്ളുമെന്ന ധാരണ അതിലൂടെ വേരൂന്നുന്നു; അത്തരം ഒട്ടനവധി പ്രവൎത്തനങ്ങൾ ശത്രുവൎഗ്ഗങ്ങളെയോ, വ്യവസ്ഥയേയോ ഉന്മൂലനാശം ചെയ്തുകൊള്ളുമെന്ന വിശ്വാസം അതിലൂടെ പ്രബലമായിത്തീരാനിടയാകുന്നു; അവസാനമായി, അതു ജനങ്ങളെ നിഷ്ക്രിയത്വത്തിലേക്കും അലസതയിലേക്കും നയിക്കുന്നു; അവരുടെ സ്വതംപ്രവൎത്തനങ്ങളേയും വിപ്ലവത്തിലേക്കുള്ള വളൎച്ചയേയും സ്തംഭിപ്പിക്കുകയും, അവസാനം പരാജയത്തിൽ കലാശിപ്പിക്കുകയും ചെയ്യുന്നു. അതുകൊണ്ടു്, മാൎക്സിസം, വ്യക്തിപരമായ ഭീകരപ്രവൎത്തനങ്ങൾക്കെതിരായി താക്കീതു നൽകുകയും അതിനെ നിരോധിക്കുകയും ചെയ്യുന്നു.

## അടിയന്തിരസ്ഥിതികളും കടമകളും

വഴിയും കാഴ്ചപ്പാടും നമ്മുടെ മുമ്പിലുണ്ടു്; പക്ഷെ ഇപ്പോൾ എന്തുവേണം? എന്നതാണു് ഇനി അവശേഷിക്കുന്ന പ്രധാന പ്രശ്നം. അടിയന്തിര പ്രശ്നം നിൎണ്ണയിക്കുന്ന

കാര്യത്തിൽ കാഴ്ചപ്പാടു തീർച്ചയായും സ്വാധീനശക്തി ചെലുത്തുന്നുണ്ടു്; എന്നിരുന്നാലും അടിയന്തിരപ്രശ്നത്തെ പൂർണ്ണമായും നിർണ്ണയിക്കുന്നതു കാഴ്ചപ്പാടല്ല. നിലവിലുള്ള പരിതഃസ്ഥിതികളുടെ വ്യക്തമായ തിട്ടപ്പെടുത്തലും അതിനെ നിയന്ത്രിക്കുന്നുണ്ടു്. ഗവർമ്മെണ്ടു് എത്രത്തോളം ഒററപ്പെട്ടിട്ടുണ്ടു്; എത്രത്തോളം ജനങ്ങളുടെ വ്യാമോഹം നീങ്ങിയിട്ടുണ്ടു്; അവർ എത്രകണ്ടു് സമരസന്നദ്ധരായിട്ടുണ്ടു്? അടിയന്തിരകടമകളേയും മുദ്രാവാക്യങ്ങളേയും നിർണ്ണയിക്കുന്ന ചില പ്രശ്നങ്ങൾക്കു അവരെ സംബന്ധിച്ചിടത്തോളം എന്തു വിലയുണ്ടു്?

ഗവണ്മെണ്ടു തികച്ചും വിലകെട്ടുകയും ഒററപ്പെടുകയും ചെയ്തിരിക്കുന്നുവെന്നും, ജനങ്ങൾ കലാപം നടത്തുവാൻ തയ്യാറായിരിക്കുന്നുവെന്നും, ചിലയിടങ്ങളിൽ അവർ ഗവണ്മെണ്ടുമായി ഏററുമുട്ടിക്കൊണ്ടിരിക്കുന്നുവെന്നും അതു്, പോലീസുവെടിവെപ്പുകളുടെ നഗ്നമായ ഭരണത്തിന്റെ ഫലമായി, രാജ്യത്തു തികച്ചും ആഭ്യന്തരയുദ്ധത്തിനു വേണ്ട അരങ്ങൊരുങ്ങിയിരിക്കുന്നുവെന്നും ചിലർ പറയുന്നു. അതുകൊണ്ടു നമ്മുടെ എല്ലാപ്രവർത്തനങ്ങളും പരിതഃസ്ഥിതിയെക്കുറിച്ചുള്ള അത്തരമൊരു ധാരണയെ ആസ്പദമാക്കിയുള്ളതായിരിക്കണം. പ്രസ്തുത പ്രശ്നത്തെപ്പററി അതിവിശദമായി വാദപ്രതിവാദം ചെയ്യേണ്ടതുണ്ടെന്നു് ഞങ്ങൾ കരുതുന്നില്ല.

ഗവൺമെണ്ടിനെ അഭിമുഖീകരിച്ചിട്ടുള്ള കുഴപ്പം ആഴമേറിയതാണെന്നതിൽ സംശയമില്ലതന്നെ. എന്നാൽ അതു് ഇപ്പോഴും തികച്ചും ഒററപ്പെട്ടുകഴിഞ്ഞിട്ടില്ല. പാർട്ടിപരിപാടിയിൽ പറയുന്നതുപോലെ "ജനങ്ങൾക്കു" ഇന്നത്തെ ഗവൺമെണ്ടിലുള്ള വിശ്വാസം നശിച്ചിരിക്കുന്നു; അവർ അതിനെ അങ്ങേയററം അവിശ്വസിക്കുവാൻ തുടങ്ങിയിരിക്കുന്നു. ജനങ്ങൾക്കെതിരായി ജന്മിമാരെയും, ഹുണ്ടികക്കാ

രേയും മററു ചൂഷകന്മാരേയും കാത്തുരക്ഷിക്കുന്ന തങ്ങളുടെ ശത്രുവായി അവർ അതിനെ കാണാൻ തുടങ്ങിയിരിക്കുന്നു.'' അങ്ങനെ ''ജനങ്ങൾ സാവധാനത്തിൽ സമരത്തിലേക്ക് ഉയന്നുകൊണ്ടിരിക്കുന്നു; അല്ലാല്ലമായി പട്ടിണികിടന്നു ഇഞ്ചിഞ്ചായി മരിക്കുകയെന്ന ഈ നിലയുമായി ഇണങ്ങിപ്പോകുവാൻ അവക്കിനിയും കഴിയുകയില്ല.'' എന്നാൽ, രാജ്യം സായുധകലാപത്തിൻെറയോ, വിപ്ലവത്തിൻെറയോ വക്കത്താണെന്നോ, അല്ലെങ്കിൽ രാജ്യത്തിൽ ആഭ്യന്തരയുദ്ധം നടന്നുകൊണ്ടിരിക്കുന്നുവെന്നോ പറയുന്നത് അങ്ങേഅറ്റത്തെ അതിശയോക്തിയായിരിക്കും. പരിതഃസ്ഥിതിയെ നാം ഇത്രത്തോളം തെററായി മനസ്സിലാക്കുകയാണെങ്കിൽ അതു നമ്മെ അധ്യാത്മരിസത്തിലേക്കു നയിക്കും; ജനങ്ങളുടെ ധാരണകൾക്കും, ബോധത്തിനും, അവരുടെ ഒരുക്കത്തിനും, ഗവൺമെണ്ടിൻെറ ഒററപ്പെടലിന്നും ഉപരിയായതോതിലുള്ള മുദ്രാവാക്യങ്ങൾ അവരുടെ മുമ്പാകെ വിൽക്കുവാനിടയാക്കും. അത്തരം മുദ്രാവാക്യങ്ങൾ നമ്മെ ജനങ്ങളിൽനിന്നൊററപ്പെടുത്തുകയും, ജനങ്ങളെ മിതവാദികളായ ഭിന്നിപ്പുകാരുടെ കൈകളിലേക്ക് എറിഞ്ഞുകൊടുക്കുകയും ചെയ്യും.

ജനകീയശക്തികളുടെ അനൈക്യത്തെ മാത്രം, പിന്തിരിപ്പൻ ശക്തികളുടെ പ്രത്യാക്രമണത്തെ മാത്രം, നോക്കിക്കാണുകയും സമരശക്തികളെ പുനഃസംഘടിപ്പിക്കുകയെന്ന പേരിൽ പിൻവാങ്ങൽനയത്തിനുവേണ്ടി വാദിക്കുകയും എല്ലാ സുധീരപ്രവത്തനങ്ങളേയും, അവ മർദ്ദനത്തെ ക്ഷണിച്ചുവരുത്തുമെന്ന ഒഴികഴിവിൽ എതിക്കുകയും ചെയ്യുന്നവരുടെ ധാരണകളും ഇതേമാതിരിതന്നെ അബദ്ധമത്രെ. പരിതഃസ്ഥിതികളെ ഇത്തരത്തിൽ ധരിച്ചുവെച്ചുകൊണ്ടുള്ള അടവുകൾ ജനങ്ങളെ വഞ്ചിക്കുന്നതിലേക്കും ശത്രുവിൻെറ മുമ്പിൽ കീഴടങ്ങുന്നതിലേക്കുമാണ് നമ്മെ നയിക്കുക.

പരിത:സ്ഥിതികളെ ബോധപൂർവം മനസ്സിലക്കി അതിൻെറ വെളിച്ചത്തിൽ നാം ജനകീയസമരങ്ങളെ നയിക്കണം. അതു നമ്മെ അഡ്വഞ്ചറിസത്തിലേക്കു നയിക്കരുതെന്നപോലെതന്നെ, കുഴപ്പം പരിഹരിക്കപ്പെട്ടുകയല്ല; പ്രത്യുത അതിന്റെ ആഴം വർദ്ധിച്ചുകൊണ്ടിരിക്കുകയാണെന്ന വസ്തുത നാം മറക്കുകയും അരുതു്. അതുകൊണ്ടു ആഴമേറിയ കുഴപ്പം ജനങ്ങളെ ഏശുന്നില്ലെന്നും, രോഷാകുലമായ സമരങ്ങളൊന്നും നടക്കാനിടയില്ലെന്നുമുള്ള ധാരണയിൽ നമുക്കു വിശ്രമനയം കൈക്കൊള്ളാൻ നിവൃത്തിയില്ല. സായുധകലാപവും ആഭ്യന്തരയുദ്ധവുമില്ലെന്നതിനാൽ, മൌലികാവകാശങ്ങളും, സ്വാതന്ത്ര്യങ്ങളുമുള്ള ഒരു ജനാധിപത്യരാജ്യത്താണു് ഞങ്ങൾ ജീവിക്കുന്നതെന്നും, പാർട്ടിയേയും ബഹുജനസംഘടനകളുടെ നേതൃത്വത്തേയും ഭ്രാന്തുപിടിച്ച നിയമത്തിൻെറ ആഞ്ഞടികളിൽനിന്നു കാത്തുരക്ഷിക്കാൻ യാതൊന്നും ചെയ്യേണ്ടതില്ലെന്നുമുള്ള മട്ടിൽ ചിലരെല്ലാം ഇളകുവാനും, പ്രവത്തിക്കുവാനും തുടങ്ങിയേക്കാം. അത്തരമൊരു വീക്ഷണഗതിമൂലം നാം തകൎക്കപ്പെട്ടുകയും, യാതൊന്നും കെട്ടിപ്പടുക്കുവാൻ നമുക്കു കഴിയാതാവുകയും ചെയ്യും.

എന്നാൽ കുഴപ്പം വളൎന്നുവരികയാണെന്നതുകൊണ്ടു്. കൂച്ച്–ബീഹാറിലെപ്പോലെയുള്ള ഒരു ചെറിയ ഭക്ഷണഘോഷയാത്രപോലും വെടിവെപ്പിലെത്തിക്കുകയും ആയിരക്കണക്കിനാളുകളെ തെരുവിലിറക്കുകയും ചെയ്യുന്നുവെന്നതിനാൽ, ബഹുജനസംഘടനാപ്രവത്തനം നടത്തുകയെന്ന ദൈനന്ദിന മുഷിപ്പൻ കടമയിൽ നിന്നൊഴിഞ്ഞുമാറുവാൻ ചിലരിഷ്ടപ്പെട്ടേക്കാം. ഫാസിസം അനിവാൎയ്യമാണെന്നോ, അല്ലെങ്കിൽ ഫാസിസം ശരിക്കും അധികാരത്തിലെത്തിയിരിക്കുന്നുവെന്നോ പറഞ്ഞുകൊണ്ടു് അവർ പാർലിമെൻററി തിരഞ്ഞെടുപ്പുകളെയോ, വിപുലമായ ജനവിഭാഗങ്ങളെ

അണിനിരത്തുവാൻ കഴിയുന്നതും അണിനിരത്തേണ്ടതുമായ പൌരസ്വാതന്ത്ര്യസമരങ്ങളെയോ പുച്ഛിക്കുവാനിടയുണ്ട്.

ജനങ്ങൾ അതിവേഗത്തിൽ തീവ്രവാദികളായിത്തീരുന്നുണ്ടെന്നും, രാജ്യത്തിൽ പലയിടങ്ങളിലും അവർ കർമ്മരംഗത്തിലിറങ്ങിക്കൊണ്ടിരിക്കുന്നുണ്ടെന്നും ഇരുന്നാൽപോലും, നിലവിലുള്ള ഗവർമ്മേന്റിനോടും അതിൻെറ നയങ്ങളോടും അതിൻെറ ഭരണസമ്പ്രദായങ്ങളോടുമുള്ള അവരുടെ വെറുപ്പിൻെറ വളർച്ചക്കൊപ്പം ബഹുജനപ്രസ്ഥാനം വളർന്നിട്ടില്ലെന്ന വസ്തുത നാം മനസ്സിലാക്കണം. ഇതിന്നു കാരണം മർദ്ദനം മാത്രമാണെന്നു പറയുന്നതു തെററായിരിക്കും. നമ്മുടെ പാർടിയുടെ ദൌർബ്ബല്യവും, പുരോഗമനശക്തികളുടെ ചേരിയിലുള്ള ഭിന്നിപ്പുമാണ് സർവ്വോപരി ബഹുജനപ്രസ്ഥാനത്തിൻെറ ഈ ദൌർബ്ബല്യത്തിന്നു കാരണം. അതുകൊണ്ടു പാർടി പ്രസ്തുത ഭിന്നിപ്പില്ലാതാക്കിത്തീർക്കുവാൻ പരിശ്രമിക്കണം; എല്ലാ പുരോഗമനശക്തികളുടേയും ഐക്യമെന്ന സർവ്വപ്രധാനമായ ആവശ്യം ഊന്നണം; പ്രവർത്തനത്തിലുള്ള പ്രസ്തുത ഐക്യം അതു ഊട്ടിയുണ്ടാക്കണം; സമരംചെയ്യുന്ന ജനവിഭാഗങ്ങളിൽ നിന്നു പൊന്തിവരുന്ന ഒന്നാന്തരം അംഗങ്ങളെ ചേർത്തു പാർടി സ്വയമൊരു ബഹുജനപാർടിയായി വളരണം.

നാം പാർലിമെൻററി തിരഞ്ഞെടുപ്പുകളിൽ മത്സരിക്കണം; വിപുലമായ ജനവിഭാഗത്തെ അണിനിരത്തുവാനും, അവരുടെ അവകാശങ്ങൾക്കുവേണ്ടി വാദിക്കുവാനും കഴിയുന്ന ഏതു രംഗത്തിലുള്ള തിരഞ്ഞെടുപ്പുകളിലും നാം മത്സരിക്കണം. ജനങ്ങളെവിടെയാണോ നാമവിടെയെല്ലാമായിരിക്കണം; നാമെവിടെയായിരിക്കണമെന്നാണോ ജനങ്ങളാഗ്രഹിക്കുന്നതു് നാമവിടെയായിരിക്കണം.

# തൊഴിലാളിവർഗൈക്യത്തിന്റെയും പാർടിയുടെയും പങ്ക്

പാർടിക്കു തൊഴിലാളിവർഗൈക്യം ഊട്ടിയുണ്ടാക്കേണ്ടതുണ്ട്; മുഴുവൻ ജനങ്ങളുടേയും താല്പര്യങ്ങൾക്കനുയോജ്യമായ അതിന്റെ കടമകളെക്കുറിച്ചു തൊഴിലാളിവർഗത്തെ പ്രബുദ്ധമാക്കിത്തീർക്കേണ്ടതുണ്ട്. തൊഴിലാളിസമരങ്ങളെ ദോഷകരമായും സാരമായും ബാധിച്ചുകൊണ്ടിരിക്കുന്നതും നിലവിലുള്ളതുമായ തൊഴിലാളിപ്രസ്ഥാനത്തിലെ ഭിന്നിപ്പ് എന്തു നഷ്ടം സഹിച്ചും ആകാവുന്നത്ര വേഗം പരിഹരിക്കുകയും ഏകീകൃതമായ തൊഴിലാളി ബഹുജനസംഘടനകൾ പടുത്തുയർത്തുകയും വേണം.

തൊഴിലാളിവർഗത്തെ രാഷ്ട്രീയമായും പ്രബുദ്ധമാക്കണം. ഏകീകൃതവും, രാഷ്ട്രീയപ്രബുദ്ധവുമായ ഒരു തൊഴിലാളിവർഗത്തിനു മാത്രമെ ജനങ്ങളുടെ നേതൃത്വമെന്ന പങ്കു പൂർണ്ണമായി നിർവ്വഹിക്കുവാൻ കഴിയൂ.

കാർഷികപരിഷ്കരണത്തിനുവേണ്ടിയുള്ള സമരത്തിന്, ധനികകൃഷിക്കാരടക്കമുള്ള സകല കർഷകജനതയേയും നമുക്ക് ഉണർത്തിവിടേണ്ടതുണ്ട്. കൂടാതെ ഈ സമരത്തിനിടയ്ക്ക്, നമ്മുടെ കർഷകജനസംഖ്യയിൽ ഒരുമപ്പെട്ടതാൻ ഭൂരിപക്ഷം വരുന്ന കാർഷികതൊഴിലാളികളെയും, ദരിദ്രകൃഷിക്കാരെയും മുറുകെപ്പിടിച്ചുകൊണ്ടു കാർഷികബഹുജനസംഘടനകൾ നമുക്കു പുനഃസ്ഥാപിക്കേണ്ടതുണ്ട്.

നമ്മുടേത് അതിവിശാലമായൊരു രാജ്യമാകയാലും കാർഷികകുഴപ്പത്തിന്റെ വളർച്ചയും, തൊഴിലാളികർഷകപ്രസ്ഥാനങ്ങളുടെ വളർച്ചയും എല്ലായിടത്തും ഒരേ തോതിലല്ലെന്നതുകൊണ്ടും, കർഷകജനതയുടെ സംഘടനയും, ബോധവും അതുപോലെതന്നെ പാർടിയുടെ സ്വാധീനശക്തിയും

എല്ലായിടത്തും ഒരേ നിലയിൽ വളരുകയില്ലെന്നും കുഴപ്പത്തിൻെറ ആഴം, കൃഷകജനതയുടെ ഏകീകരണത്തിൻെറ തോതു," അവരുടെ മനോഭാവം, പാർടിയുടെ ശക്തിയും സ്വാധീനതയും മുതലായവയെ പരിഗണിച്ചുകൊണ്ടു വിവിധ സംഘടനാരൂപങ്ങളും വിഭിന്ന സമരരീതികളും നമുക്ക് അംഗീകരിക്കേണ്ടിവരുമെന്നും നാം മനസ്സിലാക്കണം.

ജനങ്ങൾക്കിടയിൽ തീവ്രവും ക്ഷമാപൂർവ്വവുമായ ദൈനന്ദിനപ്രവർത്തനം, നമ്മുടെ മൌലികപരിപാടിയെ സംബന്ധിച്ചും ജനങ്ങളുടെ ലഘുവും അടിയന്തിരവുമായ ആവശ്യങ്ങളെ സംബന്ധിച്ചുമുള്ള തുടർച്ചയായ പ്രക്ഷോഭണം, പൊതുവിലും പ്രാദേശികവുമായും ഉള്ള പരിതഃസ്ഥിതികൾക്കനുസരിച്ചു സകല ജനവിഭാഗങ്ങൾക്കും വേണ്ടിയുള്ള അത്തരമാവശ്യങ്ങൾ വ്യക്തമായി രൂപീകരിക്കുക, ബഹുജനസമരങ്ങൾക്കു പ്രായോഗികനേതൃത്വം നൽകുക, വിവിധരൂപങ്ങളിലുള്ള സമരങ്ങളെ കൂട്ടിയിണക്കുക, ബഹുജനസംഘടനകൾ അതിവിപുലമായ തോതിൽ ക്രമമായും ചിട്ടയോടുകൂടിയും പടുത്തുയർത്തുക—ഇവയൊക്കെ ചെയ്തുതീർക്കുവാൻ മുകളിൽ പറഞ്ഞ കടമകൾ നമ്മെ ആഹ്വാനം ചെയ്യുന്നു.

എല്ലാററിനുമുപരി തൊഴിലാളിവർഗത്തിലും, മററു ജനവിഭാഗങ്ങളിലും ഏററവും മുന്തിനിൽക്കുന്ന ഒന്നാന്തരം അംഗങ്ങളെ സ്വന്തം അണികളിലേക്കെടുത്തുകൊണ്ടും ബോധപൂർവ്വമുള്ള ഐക്യത്തേയും അച്ചടക്കത്തേയും ആസ്പദമാക്കിക്കൊണ്ടും കമ്യൂണിസ്റ്റുപാർടിയെ കെട്ടിപ്പടുക്കുവാനും, അതിൻെറ ആശയപരമായ നിലവാരവും, സ്വാതന്ത്ര്യത്തിനും ജനാധിപത്യത്തിനും വേണ്ടിയുള്ള സമരത്തിന്റെ നേതാവെന്ന നിലയിൽ തൻെറ പാവനകടമ നിർവ്വഹിക്കുവാനുള്ള അതിൻെറ പ്രായോഗികകഴിവുകളും ഉയർത്തുവാൻവേണ്ടി ഉറച്ചുനിന്നു പോരാടുവാനും പ്രസ്തുത കടമകൾ നമ്മോടാവശ്യപ്പെടുന്നു.

അങ്ങനെ പടുത്തുയർത്തപ്പെടുന്ന ബഹുജനസംഘടന കൾക്കും പാർടികൾക്കും, തങ്ങളുടെയും, ജനകീയപ്രസ്ഥാനങ്ങളു ടെയും നേരെ ഗവൺമെണ്ടു തുടർച്ചയായഴിച്ചുവിട്ടുകൊണ്ടി രിക്കുന്ന കടുത്ത മർദ്ദനങ്ങളെ നേരിടാൻ തക്ക ശക്തിയും കഴിവുമുണ്ടായിരിക്കുകയും വേണം.

## സമാധാനത്തിനു വേണ്ടിയുള്ള സമരം

ജനങ്ങളുടെ അവകാശസംരക്ഷണത്തിൽ നമ്മെ അഭി മുഖീകരിക്കുന്ന സർവ്വപ്രധാന കടമകളിൽ ഒന്ന് സമാധാന പ്രസ്ഥാനം പടുത്തുയർത്തുകയെന്നതാകുന്നു. ഭരണാധികാരി വർഗം തങ്ങളുടെ അധികാരപദവി നിലനിർത്തുവാൻവേണ്ടി നമ്മെ, ജനതയെ ഒരു യുദ്ധത്തിലേക്കു വലിച്ചിഴയ്ക്കുവാൻ എല്ലായ്പോഴും സന്നദ്ധമായിരിക്കുമെന്നവസ്തുത നാം ജന ങ്ങളുടെ പ്രായോഗികബോധത്തിൽ കൊണ്ടുവരേണ്ടതുണ്ട് അവർക്കെതിരായ നമ്മുടെ യുദ്ധം നാം ഉപേക്ഷിക്കുവാൻ വേണ്ടിയാണു ഭരണാധികാരിവർഗം യുദ്ധം കുത്തിയിളക്കു ന്നതു്. സമാധാനസംരക്ഷണത്തിന്നുവേണ്ടിയുള്ള ഗവൺ മെണ്ടടക്കമുള്ള ഏതു വർഗത്തിൻെറയും ഗ്രൂപ്പുകളുടെയുംസം രംഭങ്ങളെ നാം അനുകൂലിക്കുമ്പോൾ, പോലും സാമ്രാജ്യത്വ യുദ്ധക്കൊതിയന്മാരുടെയും, ജന്മിമാരുടെയും, ലാഭക്കൊതിയ ന്മാരുടെയും പിടിയിൽ കിടക്കുന്നഈ ഗവൺമെണ്ടിന്നു സ്ഥി രമായും, ആത്മാർത്ഥമായുമുള്ള ഒരു സമാധാനനയമില്ലെന്നും പ്രത്യുത അമേരിക്കയും ഇംഗ്ലണ്ടും തമ്മിലുള്ള മത്സരങ്ങളിൽ നിന്നു വല്ല നക്കാപ്പിച്ചയും കിട്ടാൻവേണ്ടി അവർക്കിടയിലും, സമാധാനമാഗ്രഹിക്കുന്ന രാജ്യങ്ങളുടേയും, യുദ്ധക്കൊതിയ ന്മാരുടേയും ഇടയിലും കിടന്നു കളിക്കുകയാണെന്നും നാം മറ ന്നുകൂടാ എന്ന വസ്തുത നാം ജനങ്ങളെ ബോദ്ധ്യപ്പെടുത്ത ണം. ജനകീയപ്രവർത്തനത്തിലൂടെ അത്തരം സ്ഥിരതയി

ല്ലാസ്ഥ പരിഹരിക്കപ്പെടണം. ഇന്ത്യയും പാകിസ്ഥാനും സിലോണുമായി ഒരു സമാധാനസന്ധിയുണ്ടാക്കുവാനും, ആററം ബോമ്പു നിരോധിക്കുവാനും, ആയുധങ്ങളും പട്ടാളബഡ്ജററും വെട്ടിക്കുറയ്ക്കുവാനും നാം സമരംചെയ്യണം. ഭൂമി, ഭക്ഷണം, വേല, കൂലി, എല്ലാവക്കും സമൃദ്ധി എന്നീ ജനകീയാവശ്യങ്ങളുടെ രൂപത്തിൽ സമാധാനപ്രസ്ഥാനം ജനങ്ങളെ സംബന്ധിച്ചിടത്തോളം ഒരു യാഥാർത്ഥ്യമാക്കിത്തീക്കണം.

തെക്കുകിഴക്കൻ ഏഷ്യയിൽ ബ്രിട്ടീഷ്, ഫ്രഞ്ച്, ഡച്ച്, അമേരിക്കൻ സാമ്രാജ്യത്വങ്ങൾ അഴിച്ചുവിട്ടിട്ടുള്ള കോളനിയുദ്ധത്തിനെതിരായി സമാധാനപ്രസ്ഥാനം അതിവിപുലമായ എതിർപ്പു സംഘടിപ്പിക്കണം; പ്രസ്തുത സാമ്രാജ്യശക്തികൾക്ക് ഇന്നത്തെ ഇന്ത്യൻഗവമ്മെണ്ട് നൽകിക്കൊണ്ടിരിക്കുന്ന നേരിട്ടുള്ളതും പരോക്ഷവുമായ എല്ലാ സഹായങ്ങളും സമാധാനപ്രസ്ഥാനം തടയണം.

കമ്യൂണിസ്ററു പാർടി ജനങ്ങളുടെ മുമ്പാകെ വെച്ചിട്ടുള്ള കരടുപരിപാടി ഇന്നാട്ടിലെ പുരോഗമനവാദികളായ എല്ലാ ശക്തികളുടേയും, വർഗങ്ങളുടേയും താല്പര്യങ്ങൾക്കൊത്ത ഒരു പരിപാടിയത്രെ; ഇന്ത്യ സ്വതന്ത്രവും, സമൃദ്ധവും, സുശക്തവുമായിത്തീരണമെന്നാഗ്രഹിക്കുന്ന എല്ലാ വിഭാഗങ്ങളുടേയും താല്പര്യങ്ങൾക്കനുഗുണമായ ഒരു പരിപാടിയത്രെ! അതുകൊണ്ട് പ്രസ്തുത പരിപാടി നടപ്പിലാക്കുന്നതിനുവേണ്ടി മുഴുവൻ ജനതയേയും യോജിപ്പിക്കുവാൻ നാം ശ്രമിക്കുകയും അവരെ നേരിടുന്ന എല്ലാപ്രശ്നങ്ങൾക്കുംവേണ്ടിയുള്ള പ്രായോഗിക പ്രവർത്തനത്തിലൂടെ അവരുടെ ഐക്യം ഊട്ടിയുണ്ടാക്കുകയും വേണം. എല്ലാ വിഭാഗത്തിലുംപെട്ട നമ്മുടെ ജനങ്ങളുടെ സമരങ്ങളെ വളത്തുവാൻ നാം ശ്രമിക്കണം. പ്രസ്തുത സമരങ്ങളെയാകെ സ്വാതന്ത്ര്യത്തിന്നും,

ജനാധിപത്യത്തിന്നും, സമാധാനത്തിന്നുംവേണ്ടിയുള്ള പൊതുപ്രസ്ഥാനത്തിൽ ലയിപ്പിക്കണം.

പ്രസ്തുത കടമ നിർവ്വഹിക്കുമ്പോൾ, ഓരോ സംസ്ഥാനത്തിലും, ഡിസ്ത്രിക്റ്റിലും, രാജ്യത്തിലൊട്ടാകെയും ഉള്ള തൊഴിലാളികളുടേയും കൃഷിക്കാരുടേയും മററു വർഗങ്ങളുടേയും മററു ജനവിഭാഗങ്ങളുടേയും സമരങ്ങളെ ഏകീകരിക്കുവാൻ നാം സമർത്ഥമാംവിധം പഠിക്കണം. ഈ സമരങ്ങളിൽ നിന്നെല്ലാം പൊന്തിവരുന്ന സുധീരയോദ്ധാക്കളെ പാർടിയുടെ സ്രഷ്ടാക്കളും, സംരക്ഷകരുമാക്കി മാററണം. അപ്പോൾ മാത്രമേ പാർടി ഒരു ബഹുജന പാർടിയാകുകയുള്ളു. അപ്പോൾ മാത്രമേ, പാർടി സുശിക്ഷിതരും, സുപരീക്ഷിതരുമായ വിപ്ലവകാരികളുടെ ഒരു പ്രബല പാർടിയാവുകയുള്ളു. മുകളിൽ വിവരിച്ച കാഴ്ചപ്പാടോടും, മാർഗത്തോടുംകൂടി പൊതുവിൽ രൂപീകരിച്ചിട്ടുള്ള അടിയന്തിരകടമകളോടും കൂടി, നാടുവാഴിസാമ്രാജ്യത്വയജമാനന്മാർക്കെതിരായ നമ്മുടെ സ്വാതന്ത്ര്യസമരത്തിൽ നാം തീർച്ചയായും വിജയിക്കും; ജനാധിപത്യപരമല്ലാത്ത ഇന്നത്തെ ഗവമെൺടിൻെറ സ്ഥാനത്തു് ഒരുജനകീയജനാധിപത്യ ഗവർമ്മേണ്ടു് തീർച്ചയായും സ്ഥാപിക്കും.

—೦—

16306

Library & Research Center

# ഈ രേഖയെപ്പററി

**1951** –ലെ ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടിയുടെ നയപ്രഖ്യാപനം റിവിഷനിസ്റ്റ് വേലിയേറ്റത്തിൽ അവഗണിക്കപ്പെട്ടുപോയ ഒരു പ്രധാനപ്പെട്ട രേഖയാണ്. റിവിഷനിസ്റ്റുകാരെ കണക്കുതീർത്തു പറഞ്ഞയച്ച ഏഴാം പാർട്ടി കോൺഗ്രസ് ഈ രേഖയിലുള്ള വിശ്വാസം ആവർത്തിച്ചു പ്രഖ്യാപിക്കുകയുണ്ടായി. ഇന്ത്യൻ വിപ്ലവമാർഗത്തെക്കുറിച്ച് പ്രധാനപ്പെട്ട ചില ആശയങ്ങൾ ഉൾക്കൊള്ളുന്ന ഈ രേഖ ഇപ്പോൾ കിട്ടാനില്ലാത്തതുകൊണ്ട് ഞങ്ങൾ വീണ്ടും പ്രസിദ്ധീകരിക്കുന്നു.

ജൂലൈ 1968 — പ്രസാധകർ

ദേശാഭിമാനി ബുക്ക്ഹൗസ്
തിരുവനന്തപുരം

P. P. Prees Palayam. Phone 2891.

# ഇൻഡ്യൻ കമ്യൂണിസ്റ്റ് പാടി മാർക്സിസ്റ്റ്

# 1951-ലെ നയ പ്രഖ്യാപനം

324.254

വില 25 പൈസ.

ദേശാഭിമാനി പ്രസിദ്ധീകരണം.

Indic Digital Archive Foundation
gpura.org